ഇതുവഴി പ്രകൃതി വിഭവങ്ങളുടെ ചൂഷണം വലിയ അളവിൽ കുറയ്ക്കുന്നതിനും സാധിക്കുന്നു. പരിസ്ഥിതി സൗഹാർദ്ദമായ രീതിയിൽ റോഡ് നിർമ്മിക്കുന്നതിന് പ്രാമുഖ്യം നൽകിക്കൊണ്ട് സ്വാഭാവിക റബ്ബർ, കയർ-ഭൂവസ്ത്രം, ഉപയോഗശൂന്യമായ പ്ലാസ്റ്റിക് എന്നിവയും റോഡുനിർമ്മാണത്തിൽ ഉപയോഗിച്ചുവരുന്നു. പാറ ഉൾപ്പടെയുള്ള നിർമ്മാണ സാധനങ്ങളുടെ ലഭ്യതക്കുറവ് പരിഗണിച്ച് ഉരുക്കുപോലുള്ള നിർമ്മാണ വസ്തുക്കളുപയോഗിച്ച് പാലം നിർമ്മാണം പ്രാവർത്തികമാക്കാൻ ശ്രമിക്കുന്നുണ്ട്. നിർമ്മാണച്ചെലവ്, സ്റ്റീൽ ഗർഡറുകളുടെ ലഭ്യത, നിർമ്മാണ പരിചയം, പ്രായോഗികത എന്നിങ്ങനെയുള്ള കാര്യങ്ങൾ പലതും പരിഗണിച്ച് കൊണ്ടുമാത്രമേ ഇത്തരം മാർഗ്ഗങ്ങൾ സ്വീകരിക്കാനാവുകയുള്ളൂ.

(സി) റോഡുകൾ ധാരണയില്ലാതെ വെട്ടിപ്പൊളിക്കുന്നതിന്റെ ഫലമായി വൻനഷ്ടം വരുമെന്ന് കണക്കാക്കുന്നതിനാൽ ഇതൊഴിവാക്കാൻ സ്വീകരിക്കുന്ന നടപടികൾ അറിയിക്കാമോ?

നിലവിൽ കെ.എസ്.ഇ.ബി.എൽ., കെ.ഡബ്ല്യു.എ. അടക്കമുള്ള സ്ഥാപനങ്ങളുടെ യൂട്ടിലിറ്റികൾ മാറ്റി സ്ഥാപിക്കുന്നതിനുവേണ്ടി പൊതുമരാമത്ത് വകുപ്പിന്റെ റോഡ് കുഴിക്കുന്നതിനുള്ള അനുമതികളെല്ലാംതന്നെ റൈറ്റ് ഓഫ് വേ (RoW) എന്ന ഓൺലൈൻ പോർട്ടൽ മുഖേനയാണ് നൽകിവരുന്നത്. ഈ പോർട്ടലിൽ നിരത്ത് വിഭാഗത്തിനുകീഴിൽ ഭരണാനുമതി ലഭിച്ചിട്ടുള്ള ക്രമീകരിക്കേണ്ട പ്രവൃത്തികളുടെ വിശദാംശങ്ങൾ പ്രസിദ്ധപ്പെടുത്തുക വഴി മറ്റ് വകുപ്പുകൾക്ക് ആവശ്യം വേണ്ടുന്ന മുന്നൊരുക്കം നടത്തുവാനും റോഡ് കുഴിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി ക്രമീകരിക്കുന്നതിനും സാധിക്കുന്നതാണ്.

ഹരിപ്പാട് മണ്ഡലത്തിലെ സ്കൂൾകെട്ടിടങ്ങളുടെ നിർമ്മാണം

19(2375) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹരിപ്പാട് മണ്ഡലത്തിലെ നങ്ങ്യാർകുളങ്ങര സർക്കാർ എൽ.പി.എസ്., തൃക്കുന്നപ്പുഴ സർക്കാർ യു.പി.എസ്., പാനൂർക്കര സർക്കാർ യു.പി.എസ്. എന്നീ സ്കൂളുകളിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്നും ആയത് വൈകുന്നത് എന്തുകൊണ്ടെന്നും വ്യക്തമാക്കാമോ?

1. നങ്ങ്യാർകുളങ്ങര സർക്കാർ എൽ.പി.എസ്. :

മണ്ണ് പരിശോധന പൂർത്തിയായി. സ്ട്രക്ചറൽ ഡിസൈൻ ലഭ്യമാക്കുന്നതിനുള്ള നടപടിയിലാണ്. ആർക്കിടെക്ചറൽ ഡ്രോയിംഗ് പുതുക്കുകയും വേണം.

LIBRARY ARCHIVES Kerala Legislative Assembly

2. തുക്കുന്നപ്പുഴ സർക്കാർ യു.പി.എസ്. :

പ്രൊപ്പോസൽ ഭരണാനുമതിക്കായി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

3. പാനൂർക്കര സർക്കാർ യു.പി.എസ്. :

ഗ്രൗണ്ട് ഫ്ലോർ റൂഫ് വർക്ക് കഴിഞ്ഞു. ഫസ്റ്റ് ഫ്ലോറിന്റെ പ്രവൃത്തികൾ പുരോഗമിക്കുന്നു.

ആലപ്പുഴയിലെ വിവിധ പദ്ധതികൾ

20(2376) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പുവഴി വിവിധ പദ്ധതികൾക്കായി കഴിഞ്ഞ സർക്കാരിന്റെ കാലംമുതൽ നാളിതുവരെ എത്ര രൂപയുടെ പ്രവൃത്തികൾക്കാണ് അനുമതി നൽകിയിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

നിരത്ത്, കെട്ടിടം, പാലം, ദേശീയപാത, കെ.എസ്.ടി.പി. വിഭാഗങ്ങൾക്കു കീഴിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം I* ആയി ചേർക്കുന്നു.

(ബി) ആലപ്പുഴ ജില്ലയിൽ പൊതുമരാമത്ത് വകുപ്പുവഴി എത്ര രൂപയാണ് വിവിധ പദ്ധതികൾക്കായി അനുവദിച്ചിട്ടുള്ളതെന്ന് മണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കാമോ?

നിരത്ത്, കെട്ടിടം, പാലം, ദേശീയപാത, കെ.എസ്.ടി.പി, കിഫ്ബി വിഭാഗങ്ങൾക്ക് കീഴിൽ ആലപ്പുഴ ജില്ലയിൽ വിവിധ പദ്ധതികൾക്കായി അനുവദിച്ചിട്ടുള്ള തുക സംബന്ധിച്ച വിശദാംശം അനുബന്ധം II ആയി ചേർക്കുന്നു.*

തലശ്ശേരി മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

21(2377) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജകമണ്ഡലത്തിൽ 2018-19, 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ പൊതുമരാമത്ത് റോഡ്സ്, ബിൽഡിംഗ്സ് വിഭാഗം ഭരണാനുമതി ലഭ്യമാക്കിയ ഓരോ പ്രവൃത്തിയുടെയും നിലവിലുള്ള അവസ്ഥയെന്താണെന്ന് വ്യക്തമാക്കാമോ;

&

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly